(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അഗതികൾക്കും അവശജന വിഭാഗങ്ങൾക്കും സംരക്ഷണ പദ്ധതികൾ

*3 [444] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. കെ. ചന്ദ്രൻ:
,, സാജു പോൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അഗതികളുടേയും അവശരുടേയും സംരക്ഷണത്തിനായി സർക്കാർ പ്രഖ്യാപിച്ച പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പുതുതായി നടപ്പിലാക്കിയ സംരക്ഷണ പരിപാടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അഗതികൾക്കും അവശജന വിഭാഗങ്ങൾക്കും എന്തെല്ലാം സംരക്ഷണങ്ങളാണ് പുതിയ പദ്ധതികൾ വഴി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) അവശജനവിഭാഗങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ സംരക്ഷണ പദ്ധതിക്കുള്ള ഫണ്ട് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സമൂഹത്തിലെ അഗതികളുടേയും അവശരുടേയും സംരക്ഷണത്തിനായി സർക്കാർ പ്രഖ്യാപിച്ച പരിപാടിയായ സോഷ്യൽ സേഫ്റ്റി ഫണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി ആന്റ് സി) സാമൂഹ്യ സുരക്ഷാ പദ്ധതിയിലൂടെ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വീട് ഉണ്ടാക്കിക്കൊടുക്കുന്നതിനും ചെറിയ തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുന്നതിനും വിഭാവനം ചെയ്യുന്നു. കുടുംബശ്രീ കണ്ടെത്തിയ 179 പഞ്ചായത്തുകളിലെ 14,000-ത്തോളം വരുന്ന അഗതി കുടുംബങ്ങൾക്കും, ഭാവിയിൽ സാമൂഹ്യ വകുപ്പും മറ്റ് ഏജൻസികളും കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്കും ഹെൽത്ത് ഇൻഷുറൻസിനും മറ്റ് സഹായത്തിനും പുറമെ ആവശ്യകതയ്ക്കനുസരണമായി പരമാവധി 10,000 രൂപവരെ സാമ്പത്തിക സഹായം നൽകാനും പദ്ധതിവഴി ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly